**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3994** **15-07-2022 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകർഷകർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം നഗരസഭകളിലെ ക്ഷീരകർഷകർക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. 25/09/2019 തീയതിയിലെ സ.ഉ (കൈ)നം.54/2019/തസ്വഭവ പ്രകാരം സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗത്തിൽപ്പെട്ടതും രണ്ടോ അതിലധികമോ കറവപ്പശുക്കളെ വളർത്തി പരിപാലിച്ചുപോരുന്നതുമായ ക്ഷീരകർഷകർക്ക് പശുപരിപാലനത്തിന്, ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ, 10 ലിറ്ററിൽ കുറയാത്ത പാൽ ക്ഷീരസഹകരണ സംഘത്തിൽ നൽകിയ ദിവസത്തിന് ഒരു ദിവസത്തെ വേതനം എന്ന കണക്കിൽ ഒരു സാമ്പത്തിക വർഷം പരമാവധി 100 തൊഴിൽ ദിനങ്ങളിലെ വേതനം വരെ അനുവദിക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്. 2021-22 സാമ്പത്തിക വർഷം 5492 ക്ഷീരകർഷകർക്ക് ഇതുപ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്. |
| (ബി) | അത്തരത്തിൽ പഞ്ചായത്തുകളിലെ ക്ഷീരകർഷകർക്കും 100 തൊഴിൽ ദിനങ്ങൾ നടപ്പിലാക്കുന്നതിന് മുൻകയ്യെടുക്കുമോ; എങ്കിൽ അതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ബി) | പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുള്ളത് കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയാണ്. ആവർത്തനസ്വഭാവമുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ഇതിൽ വിലക്കുണ്ട്. കാലിവളർത്തൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ അംഗീകൃത പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാരിലേയ്ക്ക് പ്രൊപ്പോസൽ നൽകിയിരുന്നുവെങ്കിലും ആയതിന് അംഗീകാരം ലഭിച്ചിട്ടില്ല. എന്നാൽ കന്നുകാലി വളർത്തലുമായി ബന്ധപ്പെട്ട് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന ഏറ്റെടുക്കാൻ കഴിയുന്ന തൊഴുത്ത് നിർമ്മാണം, തീറ്റപ്പുൽകൃഷി, അസോള ടാങ്ക് നിർമ്മാണം, കമ്പോസ്റ്റ് സംവിധാനം മുതലായ നിരവധി ഉത്പാദനക്ഷമവും പൊതുജനോപകാരപ്രദവുമായ പദ്ധതികൾ ഉണ്ട്. |

സെക്ഷൻ ഓഫീസർ